പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4926 | 27.06.2014 ൽ മറുപടിയ്ക്ക് |
| **മൂന്നാർ, മറയൂർ ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളെക്കുറിച്ചുള്ള അന്വേഷണം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. എസ്. രാജേന്ദ്രൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) മൂന്നാർ ഗ്രാമപഞ്ചായത്തിൽ കോടതിയുടെ നിലപാട് മറികടക്കാൻ ഏതാനും ചില അംഗൻവാടി സെന്ററുകൾ ഉദ്യോഗസ്ഥർ സ്വന്തം താൽപ്പര്യപ്രകാരം സർക്കാർ അനുവദിച്ച സ്ഥലത്തു നിന്നും മാറ്റി കോടതി ഉത്തരവ് മറികടന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ; | (എ) മൂന്നാർ പഞ്ചായത്തിൽ സ്ഥാപിച്ച അംഗൻവാടി സെന്ററുകൾ മറ്റു സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് മറികടന്നിട്ടില്ല. അംഗൻവാടികൾ അനുവദിച്ച സ്ഥലങ്ങളിൽ കുട്ടികൾ കുറവായ തിനാൽ 5 സെന്ററുകൾ മൂന്നാർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതു സംബന്ധമായ കൂടുതൽ വിശദാംശങ്ങൾ അന്വേഷിയ്ക്കുകയും ആവശ്യമെങ്കിൽ മേൽ നടപടികൾ കൈ ക്കൊള്ളുന്നതുമാണ്. |
| (ബി) മറയൂർ ഗ്രാമപഞ്ചായത്തിലെ എത്ര അംഗൻവാടി സെന്ററുകളിലാണ് കുട്ടികൾ ഇല്ലാ ത്തത് എന്ന് പരിശോധന നടത്തുകയും ഭക്ഷ്യ സാധനങ്ങളുടെ വിലയും, ഇപ്രകാരം വാങ്ങിയ ഭക്ഷണ സാധനങ്ങൾ പരിശോധിക്കുകയും സോഷ്യൽ ഓഡിറ്റ് നടത്തി ശിക്ഷണ നടപടി സ്വീകരിക്കുകയും ചെയ്യുമോ? | (ബി) മറയൂർ ഗ്രാമപഞ്ചായത്തിലെ അംഗൻ വാടികളിൽ കുട്ടികൾ ഇല്ലാത്ത സെന്ററുകൾ ഒന്നും തന്നെയില്ല. ഭക്ഷ്യധാന്യങ്ങളുടെ വിലയും ഇപ്രകാരം വാങ്ങിയ ഭക്ഷണ സാധനങ്ങളും ഓഡിറ്റിൽ പരിശോധിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ